www.malankaralibrary.com

സെപ്തംബർ
2022
ലക്കം 8

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



## പുനരൈക്യദിനാശംസകൾ

www.malankaralibrary.com



# എഡിറ്റോറിയൽ



## അനുഗ്രഹങ്ങളുടെ 92 വർഷങ്ങൾ

**ഞാ**ൻ സ്വർഗ്ഗത്തിൽ എത്തിയശേഷം എന്റെ അകത്തോലിക്കാ സഹോദരങ്ങളുടെ പുനരൈക്യത്തിനു വേണ്ടി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു കൊണ്ടേയിരിക്കും. (ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്)

അശാന്തിയുടെ കാർമേഘങ്ങൾ മൂടിനിന്നിരുന്ന മലങ്കര സഭയിൽ ശാന്തിയുടെയും സമാധാനത്തിന്റെയും വെള്ളിവെളിച്ചം വീശി വിഭജനത്തിന്റെ മുറിവുകളെ ഉണക്കിയ അഭിനവ മോശയായ ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയസ് പിതാവും ആബൂൻ മാർ തെയോഫിലോസ് പിതാവും ചേർന്ന് പുനരൈക്യം എന്ന വലിയ സത്യത്തിലൂടെ നാം ഓരോരുത്തരെയും കൈപിടിച്ച് ചേർത്തത് ആഗോള സഭാ കൂട്ടായ്മയിലേക്കാണ്.

പുനരൈക്യം എന്ന ചരിത്ര സംഭവം നടന്നിട്ട് 92 വർഷങ്ങൾ പൂർത്തിയായിരിക്കുന്നു. 2022 സെപ്റ്റംബർ 21 ന് തിരുവല്ല കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട പുനരൈക്യം ആഘോഷങ്ങളൊക്കെ തന്നെയും ഈ സഭയുടെ തനിമയും പാരമ്പര്യവും വെളിപ്പെടുത്തുന്നതാണ്.

എട്ടു വർഷങ്ങൾക്കപ്പുറം ഈ സഭ പുനരൈക്യ ശതാബ്ദിയിലേക്ക് നടന്നു നീങ്ങുകയാണ്. 'അതിവേഗം വളരുന്ന സഭ' സമൂഹത്തിലെ എല്ലാ മേഖലകളിലേക്കും ഇറങ്ങിച്ചെല്ലുവാനും ഭാരതം മുഴുവനും അതിനപ്പുറവും ലോകത്തിലെ എല്ലാ കോണുകളിലും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശബ്ദം ഇന്ന് മുഴങ്ങി കേൾക്കാം.

മാർ ഈവാനിയോസ് പിതാവ് പറഞ്ഞതുപോലെ നമ്മുടെ അകത്തോലിക്കാ സഹോദരങ്ങളുടെ പുനരൈക്യത്തിനു വേണ്ടി യുവജനങ്ങളായ നാമോരോരുത്തരും പ്രാർത്ഥിക്കുകയും സുവിശേഷത്തിന്റെ വലിയ വെളിച്ചം ഈ ലോകം മുഴുവനും പ്രഘോഷിക്കുവാൻ നമുക്ക് ഇറങ്ങിത്തിരിക്കാം.

കഴിഞ്ഞ 92 വർഷങ്ങളായി ഈ സഭയിലൂടെ സമൂഹത്തിന് ചെയ്ത നന്മകൾക്ക് നമുക്ക് ദൈവത്തിന് നന്ദി പറയാം.

ജയ് പുനരൈക്യം.

സ്നേഹപൂർവ്വം
**സുബിൻ തോമസ്**
സഭാതല ജനറൽ സെക്രട്ടറി
ചീഫ് എഡിറ്റർ.

www.malankaralibrary.com

# Presidential Desk



## ഐക്യത്തിൽ ഒന്നാകുവാൻ....

1930 ൽ ദൈവനിയോഗം ഭാരതസഭയിൽ പ്രകടമായി മലങ്കരയുടെ സൂര്യൻ മാർ ഈവാനിയോസിലൂടെ പുനരൈക്യം എന്ന സ്വപ്നം സഫലമായി. ആ ആത്മീയ സമ്പാദനത്തിന്റെ 92-ാമത് വാർഷികത്തിൽ നാമായിരിക്കുമ്പോൾ അന്ന് ഉറക്കെ പ്രഖ്യാപിച്ച മുദ്രാവാക്യങ്ങളെ നമ്മുടെ ഹൃദയത്തിന്റെ അന്തർ ഭാവത്തിലേക്ക് പതിപ്പിക്കാം.


'ഒരിടയനും ഒരു തൊഴുത്തും' എന്ന വലിയ ദീർഘവീക്ഷണത്തിന്റെ പൂർത്തീകരണമാണല്ലോ ഭാരത സഭയിൽ പ്രകടമായ പുനരൈക്യം. സ്വന്തം വഴികളെ മാറ്റിവെച്ചുകൊണ്ട് ദൈവത്തിന്റെ വഴികളെ തെരഞ്ഞെടുക്കുകയും അതിനായി പരിശ്രമിക്കുകയും തന്നെ തന്നെ സമർപ്പിക്കുകയും ചെയ്യുമ്പോൾ ചെയ്തപ്പോൾ അത് അനേകർക്ക് ദൈവത്തെ പകർന്നുനൽകുവാനും അനുഭവവേദ്യമാക്കുവാനും സാധിച്ചു. അത് ഇന്നും മലങ്കര സുറിയാനി കത്തോലിക്കാ സഭയിലൂടെ തുടരുന്നു.

തൊണ്ണൂറ്റി രണ്ടാം പുനരൈക്യത്തിന്റെ ദീപശിഖ നെഞ്ചിലേറ്റുമ്പോൾ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യം എന്ന ഉൾക്കാഴ്ചയെ നമുക്ക് തിരിച്ചറിയാം. 'അക്കാലത്ത് സഭയുടെ അടിത്തട്ടിൽ ഊറിക്കിടക്കുന്ന മ്ലേച്ഛതയെ ഞാൻ കാണുകയും മണക്കുകയും ചെയ്തു. അപ്പോൾ അതെല്ലാം ദൈവത്തെ അറിയുന്നതിനുള്ള സോപാനളായിട്ടത്രേ നമുക്ക് തോന്നിയുള്ളൂ'. ഇന്ന് പുതിയ കാലഘട്ടത്തിൽ ജീവിക്കുമ്പോൾ ആ വലിയ ഇടയൻ തിരിച്ചറിഞ്ഞതുപോലെ ഈ കാലഘട്ടത്തിന്റെ മ്ലേച്ഛതയെ തിരിച്ചറിയുവാൻ നമുക്കും സാധിക്കുമ്പോൾ നമ്മുടെ യുവജനപ്രസ്ഥാന വീഥികളിൽ ഐക്യത്തിനുവേണ്ടി വിശുദ്ധിയിൽ അടിസ്ഥാനമിട്ടു കൊണ്ട് പ്രേക്ഷിത ചൈതന്യവും തീക്ഷ്ണതയും കൊണ്ട് പുനരൈക്യത്തിലേക്ക് വിരൽ ചൂണ്ടുവാൻ നമുക്കും സാധിക്കണം.




**എയ്ഞ്ചൽ മേരി**
എം.സി.വൈ.എം. പ്രസിഡന്റ്

www.malankaralibrary.com




# പുനരൈക്യം : മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദൗത്യം

**സഹോദരരേ സന്തോഷിക്കുവിൻ, നിങ്ങളെ തന്നെ നവീകരിക്കുവിൻ.**
**എന്റെ ആഹ്വാനം സ്വീകരിക്കുവിൻ, സമാധാനത്തിൽ ജീവിക്കുവിൻ.**
**സ്നേഹത്തിന്റേയും ശാന്തിയുടേയും ദൈവം നിങ്ങളോടു കൂടെ ഉണ്ടായിരിക്കും.**
**( 2 കോരിന്തോസ് : 13/11)**



**അമൽ ടോം മലയാറ്റിൽ**
പ്രസിഡന്റ്, കോട്ടയം മേഖല


ആദിമ ക്രൈസ്തവ സമൂഹത്തോട് വി. പൗലോസ് ശ്ലീഹാ ആവർത്തിച്ച് പറയുന്നത് ഏക മനസ്സോടും ഐക്യത്തോടും കൂടി ഏക സത്യദൈവ മായ ക്രിസ്തുവിനെ ആരാധിക്കണം എന്നാണ്. ക്രിസ്തുവാകുന്ന ശിരസ്സിനോട് ചേർന്നു നിന്ന് ഏക മനസ്സോടെ പ്രവർത്തിക്കുന്നവരാകണം ഓരോ ക്രൈസ്തവനും. അതിനാൽ പരസ്പര സ്നേഹത്തോടും സഹവർത്തിത്വത്തോടും ഐക്യത്തിന്റെ കാഹളം മുഴക്കി ക്രിസ്തുവിനെ മഹത്വപ്പെടുത്തേണ്ടത് ഓരോ ക്രൈസ്തവന്റേയും കടമയും ദൗത്യവുമാണ്.

ഒരു സമൂഹം ഒന്നുചേർന്നു തുടങ്ങിയ പുനരൈക്യ ശ്രമങ്ങൾ സാഹചര്യങ്ങൾ മാറിയപ്പോൾ മുൾച്ചെടികൾക്കിടയിൽ വീണ വിത്തുപോലെ ഫലം നൽകാതെ ഞെരിഞ്ഞമർന്ന് പോകുമായിരുന്നു. എന്നാൽ അബ്രഹാമിനെപ്പോലെ ദൈവവിളിയോട് പ്രത്യുത്തരിച്ച് ദേശത്തേയും പിതൃഭവനത്തേയും വിട്ട് ദൈവം കാണിച്ചു കൊടുത്ത വഴിയെ ഇറങ്ങി നടന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ശ്രമങ്ങൾക്ക് സ്വർഗ്ഗം കൂട്ടുനിൽക്കുന്ന കാഴ്ചയായിരുന്നു കാലം കാത്തുവച്ചിരുന്നത്.

ഞാൻ നിന്നെ വലിയൊരു ജനതയാക്കും നിന്നെ ഞാൻ അനുഗ്രഹിക്കും. നീ ഒരു അനുഗ്രഹമായിരിക്കും.(ഉൽപത്തി: 12/2) എന്ന വാഗ്ദാനം വാഗ്ദത്ത നാട്ടിൽ നിറവേറിയതുപോലെ മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ നിറവേറുന്നതാണ് പിന്നീട് ലോകം കണ്ടത്. വി. പൗലോസ് ശ്ലീഹാ കോരിന്തോസിലെ സഭയോട് പറഞ്ഞതു പോലെ തന്നെയാണ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് അന്നത്തെയും ഇന്നത്തെയും ക്രൈസ്തവ സമൂഹങ്ങളോട് പറയുന്നത്.

അവനിൽ നാമെല്ലാം ഒന്നായി തീരുന്നതിന് പുനരൈക്യ വാർഷികാഘോഷങ്ങൾ പ്രചോദനമാകട്ടെ.

www.malankaralibrary.com



# MALANKARA REUNION & YOUTH MOVEMENT



**Bennett Varghese**
*Eparchy of Delhi Gurgaon*

The Ecumenical Movement in the Malankara Orthodox Church led by Mar Ivanios during the first half of the 20th century is historically known as the Reunion Movement. In the nineteen twenties leaders of the Malankara Orthodox Church initiated a Movement for a visible, full, and canonical communion with the church of Rome and through him with the whole Catholic Church. It is called Reunion because of the following reason.

According to Mar Ivanios, Lord Jesus Christ, the unique Savior of mankind established just one Church, his living body.




Based on this belief, he worked towards the unification and formation of the catholic church that we see today. As the youth of the church, we ought to continue his mission.

The Malankara Youth Movement achieves this through evangelization. The movement focuses on evangelizing people from across the country, by imparting the teachings of Jesus Christ and teaching them about the intricacies of our liturgy. After learning about Christ and His Church,



people join the church of their own accord and lead a new life as ideal Christian.

MCYM accomplishes this by collaborating with the church to conduct liturgical & spiritual classes, catechism classes, confessions, conventions, bible camps and various socio-cultural activities. Also, the way the members of the movement lead their life is a major factor. If we live and work for the church, this inspires them to lead the same life. By doing all this, we help the people inculcate values which are in accordance with the teachings of Christ, our Lord. By inculcating these values and applying them in their daily lives, they are able to enter into communion with Christ and the Church.

The Church has established various mission centres across the country. Now, it is the responsibility of MCYM to work in tandem with the mission centres to develop and nurture them to become a Christian community under Christ, our Lord.

www.malankaralibrary.com






# 31–ാ മത് അന്തർദേശീയ യുവജന കൺവെൻഷൻ



**ജോബിൻ ജോസ്**
പ്രസിഡന്റ്, തിരുവല്ല അതിഭദ്രാസനം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം ന്റെ 31–ാ മത് അന്തർദേശീയ യുവജന കൺവെൻഷൻ എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടത്തി. ചെറുതുള്ളികൾ ചേർന്ന് എങ്ങനെ ഒരു ആർത്തിരമ്പുന്ന മഹാസാഗരമാകുന്നുവോ അക്ഷരാർത്ഥത്തിൽ അത് തന്നെയായിരുന്നു യുവജന കൺവെൻഷൻ വേദി.

യൗവ്വനം ഒരു അനുഭവമാണ് അതിന്റെ ഒഴുക്കിൽ ആയിക്കഴിഞ്ഞാൽ പ്രായം വെറും സംഖ്യകൾ മാത്രം. ഈയൊരു ഒഴുക്കിലേക്ക് ഏവരെയും എത്തിക്കുവാൻ ജീസസ് യൂത്ത് മ്യൂസിക്കൽ മിനിസ്ട്രി അംഗമായ ജിൻസിന് സാധിച്ചു. കഥകളിലൂടെയും അനുഭവങ്ങളിലൂടെയും നൃത്തങ്ങളിലൂടെയും സിനഡാലിറ്റി ദൃശ്യമാകുന്ന രീതിയിൽ മെത്രാനെന്നോ പുരോഹിതനെന്നോ സന്ന്യസ്തയെന്നോ യുവാവെന്നോ യുവതിയെന്നോ വ്യത്യാസമില്ലാതെ ഏവരും ഈ ഒരു ഒഴുക്കിൽ ആനന്ദത്തോടെ ഉത്സാഹത്തോടെ സഞ്ചരിച്ചു.

അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിൽ നിന്നും തിരുവല്ല അതിഭദ്രാസന യുവജനമക്കൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഊർജ്ജവും കരുതലും മറ്റുള്ളവർക്കും അനുഭവിച്ചറിയുവാനുള്ള ഒരു വേദിയായി ഇത് മാറി.

യുവജനങ്ങൾക്കിടയിലേക്ക് ഒരു യുവാവായി ഇറങ്ങിച്ചെന്ന് നർമ്മസംഭാഷണങ്ങളിലൂടെ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ പങ്കുവെച്ച ആശയങ്ങൾ യുവജനങ്ങൾക്ക് മറക്കാനാവാത്ത നിമിഷങ്ങൾ ആയിരുന്നു. ആയിരക്കണക്കിന് യുവജനങ്ങളെ ഒരു കുടക്കീഴിൽ ഒന്നിച്ചു കൂട്ടുവാൻ ചുക്കാൻ പിടിച്ച അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ നേതൃത്വപാടവം എടുത്തുപറയേണ്ടതാണ്.

യുവജനങ്ങൾ സഹയാത്രികർ എന്ന ആപ്തവാക്യം നെഞ്ചോട് ചേർത്തുകൊണ്ട് മലങ്കരയുടെ യുവത്വങ്ങൾ ആവേശത്തോടെ അണിചേരുന്ന യുവജനദിനാഘോഷങ്ങൾക്ക് മുദ്രയായി തീരുന്ന ഹെസദ് ലോഗോയും തീം സോങ്ങും യുവജന സഭയ്ക്ക് മുമ്പിൽ പ്രകാശനം ചെയ്തു.

വ്യത്യസ്ത മേഖലകളിൽ വൈവിധ്യമാർന്ന കഴിവുകൾ തെളിയിച്ച മലങ്കര യുവജനങ്ങളെ അനുമോദിക്കുന്നതിന് ഈ വേദി സാക്ഷിയായി തീർന്നു.

മഹാമാരിക്കും വെല്ലുവിളികൾക്കും യുവജന മനസ്സിലെ ജ്വലിക്കുന്ന അഗ്നിയെ അണയ്ക്കുക അസാധ്യമാണെന്ന് തെളിയിച്ചുകൊണ്ട് 1300 ലധികം യുവത്വങ്ങളെ അണിചേർത്തുകൊണ്ട് നടത്തപ്പെട്ട 31–ാ മത് യുവജന കൺവെൻഷൻ യുവ മനസ്സുകളിൽ മായാതെ നിൽക്കട്ടെ.

## സഭാതലസമിതി




### ഹെസദ് 2022-സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ.എം. ന്റെ സഭാതല യുവജന ദിനാഘോഷവും യുവജന സംഗമത്തിന്റെയും സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം ആനന്ദപ്പള്ളിയിൽ വച്ച് നടത്തി. 2022 ഒക്ടോബർ 9 ഞായറാഴ്ച്ച പത്തനംതിട്ട ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ആനന്ദപ്പള്ളിയിൽ വച്ച് നടത്തപ്പെടുന്ന യുവജന ദിനാഘോഷത്തിന് സഭയിലെ വിവിധ ഭദ്രാസനങ്ങളിൽ നിന്നായി ഏകദേശം 1500 ൽ പരം





യുവജനങ്ങളാണ് പങ്കെടുക്കുന്നത്.

പ്രസ്തുത ആഘോഷങ്ങളുടെ ഏകീകരണത്തിനായിയുള്ള സ്വാഗത സംഘം ഓഫീസ് എം.സി.വൈ.എം. സഭാതല സമിതിയുടെ ഡയറക്ടർ റവ. ഫാ. എബ്രഹാം മേപ്പുറത്ത് ഉദ്ഘാടനം ചെയ്തു.

ഡയറക്ടറച്ചൻമാർ, ആനിമേറ്റർ സിസ്റ്റേഴ്സ്, സഭാതല ഭാരവാഹികൾ, ഭദ്രാസന ഭാരവാഹികൾ, വിവിധ കമ്മിറ്റികളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വൈദിക ജില്ല ഭാരവാഹികൾ, ആനന്ദപ്പള്ളി യൂണിറ്റ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

### ഹെസദ് 2022 ലോഗോ പ്രകാശനം

2022 ഒക്ടോബർ 9-ാം തീയതി പത്തനംതിട്ട ആനന്ദപ്പള്ളിയിൽ വച്ച് നടക്കുന്ന ഹെസദ്-സഭാതല യുവജനദിനാഘോഷത്തിന് മുന്നോടിയായി യുവജന ദിനാഘോഷത്തിന്റെ ലോഗോ യുവജന കമ്മീഷൻ



www.malankaralibrary.com






ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് പിതാവിന് നൽകി കൊണ്ട് പ്രകാശനം ചെയ്തു.

ലോഗോ ഡിസൈൻ ചെയ്തത് പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് ശ്രീ. അജോഷ് എം. തോമസാണ്.

## ഹെസദ് 2022 തീം സോംഗ് പ്രകാശനം

2022 ഒക്ടോബർ 9-ാം തീയതി പത്തനംതിട്ട ആനന്ദപ്പള്ളിയിൽ വച്ച് നടക്കുന്ന ഹെസദ്-സഭാതല യുവജന ദിനാഘോഷത്തിന് മുന്നോടിയായി യുവജന ദിനാഘോഷത്തിന്റെ തീം സോങ്ങ് യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവിന് നൽകികൊണ്ട് പ്രകാശനം ചെയ്തു.




## 31 -ാം അന്തർദേശീയ യുവജന സമ്മേളനം



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 92-ാം പുനരൈക്യ വാർഷികത്തോട് അനുബന്ധിച്ച് 2022 സെപ്റ്റംബർ 21-ാം തീയതി 31-ാം അന്തർദേശീയ യുവജന സമ്മേളനം തിരുവല്ല അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ മാർ ദിവന്നാസിയോസ് നഗറിൽ വച്ച് ഉച്ചക്ക് 1 മണി മുതൽ നടത്തി. ജീസസ് യൂത്ത് അംഗങ്ങൾ അവതരിപ്പിച്ച അരമണിക്കൂർ നീണ്ടനിന്ന മ്യൂസിക്കൽ റിട്രീറ്റോടെ 31-ാം അന്തർദേശീയ യുവജന സമ്മേളനത്തിന് തുടക്കം കുറിച്ചു.

തുടർന്ന് സഭാതല പ്രസിഡന്റ് ശ്രീമതി എയ്ഞ്ചൽ മേരിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിന്റെ ഉദ്ഘാടനം, സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കതോലിക്കാബാവാ നിർവഹിച്ചു. സഭാതല ജനറൽ സെക്രട്ടറി സുബിൻ തോമസ് സമ്മേളനത്തിൽ സ്വാഗതമാശംസിക്കുകയും സഭാതല ഡയറക്ടർ ഫാ. എബ്രഹാം മേപ്പുറത്ത് ആമുഖസന്ദേശം നൽകുകയും ചെയ്തു.



www.malankaralibrary.com





യുവജന സമ്മേളനത്തിൽ, യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത മുഖ്യപ്രഭാഷണം നടത്തി.

തിരുവല്ല അതിഭദ്രാസനധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നടത്തി. യുവജന സമ്മേളനത്തെ സാന്നിധ്യം കൊണ്ട് പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവ്, തിരുവനന്തപുരം അതിഭദ്രാസന സഹായ മെത്രാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളീക്കാർപ്പസ് പിതാവ് എന്നിവർ ധന്യമാക്കി.



അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കതോലിക്കാബാവാ പുതിയ യുവജന കമ്മീഷൻ ചെയർമാനയി അഭിവന്ദ്യ മാത്യൂസ് മാർ പോളീക്കാർപ്പസ് പിതാവിനെ തെരഞ്ഞെടുത്ത വിവരം സമ്മേളനത്തിൽ അറിയിക്കുകയും നിയുക്ത യുവജന കമ്മീഷൻ ചെയർമാനെ ബാവാ പിതാവ് എം.സി.വൈ.എം-ന്റെ ഷാൾ അണിയിച്ച് സ്വീകരിച്ചു.

യുവജന കൺവെൻഷൻ വേദിയിൽ വച്ച് തന്നെ അത്യഭിവന്ദ്യ കാതോലിക്കാബാവാ ദേശീയ-സംസ്ഥാന തലങ്ങളിൽ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവരെ മെമെന്റോ നൽകി ആദരിച്ചു.



മെത്രാഭിഷേകത്തിന്റെ രജത ജൂബിലി ആഘോഷിച്ച അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിന് എം.സി.വൈ.എം. സഭാതല സമിതിയുടെ സ്നേഹാദരവ് അത്യഭിവന്ദ്യ കാതോലിക്കാബാവാ പിതാവ് നൽകി.

തുടർന്ന് സമ്മേളനത്തിന് കെ.സി.വൈ.എം. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ബിച്ചു കുര്യൻ തോമസ്, തിരുവല്ലാ അതിഭദ്രാസന പ്രസിഡന്റ് ശ്രീ. ജോബിൻ ജോസ് തുടങ്ങിയവർ ആശംസകൾ അറിയിച്ചു. സഭാതല വൈസ് പ്രസിഡന്റ് ശ്രീമതി ടീന കെ. എസ്. കൺവെൻഷൻ പ്രഖ്യാപനം നടത്തി. സമ്മേളനത്തിന് പ്രാർത്ഥന ചൊല്ലിയ തിരുവല്ല അതിഭദ്രാസന എം.സി.വൈ.എം. ഡയറക്ടർ ഫാ. എബ്രഹാം തൈപ്പറമ്പിൽ, പ്രതിജ്ഞ ചൊല്ലിയ പത്തനംതിട്ട ഭദ്രാസന ഡയറക്ടർ ഫാ. സ്കറിയ പതാലിൽ എന്നിവരെയും ഈ അവസരം നന്ദിയോടെ ഓർക്കുന്നു.

അഭിവന്ദ്യ പിതാക്കന്മാർ, വന്ദ്യ വൈദികർ, സിസ്റ്റേഴ്സ്, ആയിരത്തിൽപരം യുവജനങ്ങൾ തുടങ്ങിയവർ പങ്കെടുത്ത 31-ാം യുവജന സമ്മേളനത്തിന് സഭാതല ട്രഷറർ ശ്രീ. ജോബിൻ ഡേവിഡ് നന്ദി അർപ്പിച്ചു.

**മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ 31-ാ മത് അന്തർദേശീയ യുവജന കൺവൻഷനോട് അനുബന്ധിച്ച് നടത്തപ്പെട്ട മ്യൂസിക്കൽ റിട്രീറ്റ്.**



www.malankaralibrary.com

# വാർത്തകൾ







## തിരുവല്ല അതിഭദ്രാസനം

### മാർ അത്തനാസിയോസ് പിതാവിന്റെ അനുസ്മരണം



എം.സി.വൈ.എം. യുവജന പ്രസ്ഥാനത്തിന്റെ സ്ഥാപക പിതാവും തിരുവല്ല അതിഭദ്രാസനത്തിന്റെ മൂന്നാം മെത്രാപ്പോലീത്തായുമായിരുന്ന അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ 45-ാം ഓർമപ്പെരുനാൾ ദിനമായ 2022 സെപ്റ്റംബർ 28-ാം തീയതി വൈകുന്നേരം 6 മണിയ്ക്ക് പിതാവിന്റെ കബറിങ്കൽ ധൂപപ്രാർത്ഥനയും തുടർന്ന് ഫാ. ജോൺ കരപ്പനശ്ശേരിമലയിൽ മാർ അത്തനാസിയോസ് പിതാവിന്റെ അനുസ്മരണ സന്ദേശവും നൽകി. അതിഭദ്രാസനത്തിന്റെ ഔദ്യോഗിക ഫേസ്സ്ബുക്ക് പേജിലൂടെ സംപ്രേഷണം ചെയ്തു.

### Youth Week

എം.സി.വൈ.എം. സ്ഥാപകനായ സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ ഓർമ്മ തിരുന്നാൾ ദിനം മുതൽ എം.സി.വൈ.എം.ന്റെ സ്വർ

ഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിനം വരെയുള്ള ഒരാഴ്ച തിരുവല്ല അതിഭദ്രാസനത്തിലെ യുവജനങ്ങൾ പ്രത്യേകമാം വിധം ആഘോഷിക്കുന്നു.

### അസ്സീസിയൻ ടോക്സ്

എം.സി.വൈ.എം. ന്റെ സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ നാമത്തിലുള്ള യുവജന ദിനത്തിന്റെ സന്ദേശങ്ങൾ അതിഭദ്രാസന സമിതി സാമൂഹ്യ മാധ്യമങ്ങളിലൂടെ യുവജനങ്ങളിലേക്ക് പങ്കുവയ്ക്കുന്നു.

## ബത്തേരി ഭദ്രാസനം

### വർണ്ണനിലാവ് - 22 ഓണാഘോഷം



എം.സി.വൈ.എം. ബത്തേരി ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ കാസർഗോഡ് മേഖലയുടെ ആതിഥേയത്വത്തിൽ ചെറുപുഴ സെന്റ് ജോർജ് മലങ്കര കത്തോലിക്ക ദേവാലയത്തിൽ വച്ച് ഓണാഘോഷം നടത്തി. പരിപാടികൾ കാസർഗോഡ് മേഖല പ്രോട്ടോ വികാരി ഫാ. മാത്യു കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ എം.സി.വൈ.എം. ബത്തേരി ഭദ്രാസന പ്രസിഡന്റ് ശ്രീ. ദിൽജു മാത്യു അധ്യക്ഷത വഹിച്ചു. ഭദ്രാസന ഡയറക്ടർ ഫാ. ഫിലിപ്പ് മുടമ്പള്ളിക്കുഴിയിൽ മുഖ്യസന്ദേശം നൽകി. ഭദ്രാസന ആനിമേറ്റർ സി. ശാലീന മാത്യു ഡി. എം.,മേഖല ആനിമേറ്റർ സി. ഭാഗ്യ എസ്.ഐ. സി. എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. മേഖല ഡയറക്ടർ ഫാ. ഡേവിഡ് ആലിങ്ങൽ സ്വാഗതം ആശംസിക്കുകയും ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ. ക്രിസ്റ്റി വർഗീസ് നന്ദി അറിയിക്കുകയും ചെയ്തു. വിവിധ മേഖലകളിൽ നിന്നും യൂണിറ്റുകളിൽ നിന്നും നൂറോളം യുവജനങ്ങൾ പങ്കെടുത്തു. മത്സരങ്ങൾക്ക് മേഖലാ പ്രസിഡന്റ് ശ്രീ. ജറാൾഡ്, സെക്രട്ടറി ആഷ്‌ലി മറ്റ് മേഖല ഭാരവാഹികൾ, ഭദ്രാസന ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

### അരങ്ങ്-22 ഭദ്രാസന യുവജന കലോത്സവം




എം.സി.വൈ.എം. ബത്തേരി ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ, ബത്തേരി മേഖലയുടെ ആതിഥേയത്വത്തിൽ സെപ്റ്റംബർ 24 ന് അരങ്ങ് -22 യുവജന കലോത്സവം ബത്തേരി അൽഫോൻസ ആർട്സ് & സയൻസ് കോളേജിൽ വച്ച് നടത്തി. പത്ത് മേഖലകളിൽ നിന്നായി മുന്നൂറോളം യുവജനങ്ങൾ കലോത്സവത്തിൽ പങ്കെടുത്തു. സമാപന സമ്മേളനം ബത്തേരി ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ഭദ്രാസന പ്രസിഡന്റ് ശ്രീ. ദിൽജു മാത്യു അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പ്രശസ്ത സംഗീത സംവിധായകൻ ശ്രീ. അരുൺ മുരളീധരൻ മുഖ്യാതിഥിയായിരുന്നു. എം.സി.വൈ.എം. ബത്തേരി ഭദ്രാസന ഡയ

റക്ടർ ഫാ. ഫിലിപ്പ് മുടംമ്പള്ളികുഴിയിൽ ആമുഖ സന്ദേശം നൽകുകയും ബത്തേരി മേഖല ഡയറക്ടർ ഫാ. മാത്യു പാലക്കപ്രായിൽ, കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറി കുമാരി. ലിനറ്റ് വർഗീസ് എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. ചടങ്ങിൽ ബത്തേരി മേഖലാ പ്രസിഡന്റ് ശ്രീ. എബി എബ്രഹാം സ്വാഗതം ആശംസിക്കുകയും ഭദ്രാസന ജനറൽ സെക്രട്ടറി ക്രിസ്റ്റി വർഗീസ് നന്ദി അറിയിക്കുകയും ചെയ്തു. കലോത്സവത്തിൽ എടക്കര മേഖല, ബത്തേരി മേഖല, കോഴിക്കോട് മേഖല എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. കലാമത്സരങ്ങൾക്ക് ഭദ്രാസന, മേഖല ഭാരവാഹികൾ നേതൃത്വം കൊടുത്തു.

## മാവേലിക്കര ഭദ്രാസനം


### താലന്തോൺ 2022



എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ വന്ദ്യ ജോൺ പുത്തൻവിളയിൽ കോർ എപ്പിസ്കോപ്പ മെമ്മോറിയൽ ക്വിസ് മത്സരം താലന്തോൺ 2022 കൊല്ലം വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ സെപ്റ്റംബർ 18 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് കുണ്ടറ, ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് നടത്തപ്പെട്ടു. കൊല്ലം വൈദികജില്ല ഡയറക്ടർ റവ.ഫാ. ജോൺ കടുവിങ്കൽ ഉദ്ഘാടനം ചെയ്ത ക്വിസ് മത്സരത്തിന് ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് മുകളുംപുറത്ത് ആമുഖ പ്രഭാഷണം നൽകി. ക്വിസ് മത്സരത്തിന് നേതൃത്വം നൽകിയത് തിരുവല്ല അതിഭദ്രാസനത്തിന്റെ മുൻ പ്രസിഡന്റ് ശ്രീ. ലൈജു കോശി മാത്യുവാണ്. 4 ജില്ലകളിൽ നിന്ന് പതിനഞ്ചോളം ടീമുകൾ പങ്കെടുത്ത ആവേശോജ്ജ്വലമായ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനവും 5000 രൂപയും എവർറോളിങ് ട്രോഫിയും പുത്തൂർ വൈദിക ജില്ലയിലെ പുത്തൂർ യൂണിറ്റ് അംഗങ്ങളായ ലിബിൻ ബാബുവും ലിജിൻ ബാബുവും സ്വന്തമാക്കി. രണ്ടാം സ്ഥാനവും 3000 രൂപയും എവർറോളിങ് ട്രോഫിയും കൊല്ലം വൈദിക ജില്ലയിലെ നല്ലില യൂണിറ്റ് അംഗങ്ങളായ അഞ്ചു അജിയും അനിജ അജിയും മൂന്നാം സ്ഥാനവും 2000 രൂപയും എവർറോളിങ് ട്രോഫിയും കടമ്പനാട് വൈദിക ജില്ലയിലെ മണ്ണാറോഡ് യൂണിറ്റ് അംഗങ്ങളായ ലിനു രാജുവും വിനയ വിക്ടറും സ്വന്തമാക്കി.

### പുതിയ ഐഡി കാർഡ് പ്രകാശനം






എം.സി.വൈ.എം. കൊല്ലം വൈദിക ജില്ലാ ഡയറക്ടർ റവ. ഫാ. ജോൺ കടുവിങ്കലിന്റെയും തിരുവല്ല അതിഭദ്രാസന മുൻ പ്രസിഡന്റ് ശ്രീ. ലൈജു കോശി

www.malankaralibrary.com



മാത്യുവിന്റെയും ഭദ്രാസന സമിതി അംഗങ്ങളുടെയും സാന്നിധ്യത്തിൽ ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് മുകളുംപുറത്ത് ഭദ്രാസന പ്രസിഡന്റ് ശ്രീ. ജിതിൻ ഷാജിക്ക് നൽകികൊണ്ട് ക്യു.ആർ. കോഡോടു കൂടിയ ഐഡി കാർഡിന്റെ ഔദ്യോഗിക പ്രകാശനം നിർവഹിച്ചു. ഐഡി കാർഡ് യുവജനങ്ങൾക്ക് മുമ്പിലേക്ക് എത്തുന്നത് ഡിജിറ്റൽ രൂപത്തിലാണ്. ഗൂഗിൾ ഫോം പൂരിപ്പിച്ച യുവജങ്ങൾക്ക് ഡിജിറ്റൽ എം.സി. വൈ.എം. ഐഡി കാർഡ് മെയിൽ ഐഡി അല്ലെങ്കിൽ വാട്സാപ്പ് നമ്പറിലേക്ക് എത്തുന്നതായിരിക്കും.

## പാറശ്ശാല ഭദ്രാസനം



എം.സി.വൈ.എം. 31-ാം അന്തർദേശീയ യുവജന സമ്മേളനത്തിൽ പാറശ്ശാല ഭദ്രാസന യുവജന പ്രതിനിധികൾ

## അസ്സീസിയൻ സെനാക്കിൾ രണ്ടാം സമ്മേളനം



എം.സി.വൈ.എം. പാറശ്ശാല ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന യുവജന സുന്നഹദോസ് അസ്സീസിയൻ സെനാക്കിളിന്റെ രണ്ടാമത്തെ സമ്മേളനം ബാലരാമപുരം ജില്ലയിലെ ബാലരാമപുരം ദൈവാലയത്തിൽ വച്ച് 2022 സെപ്റ്റംബർ 11 ഞായറാഴ്ച ഉച്ചയ്ക്കു ശേഷം നടന്നു. ജില്ലാ ആനിമേറ്റർ സി. നിസീമ ഡി.എം. പതാക ഉയർത്തി ആരംഭിച്ചു. ഭദ്രാസന പ്രസിഡന്റ് ശരത്‌ലാലിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ജില്ലാ ട്രഷറർ ജസ്റ്റിൻ സ്വാഗതവും ഭദ്രാസന അസ്സി. ഡയറക്ടർ ഫാ. വിമൽ വിൻസെന്റ് ആമുഖ സന്ദേശവും നൽകി. ബാലരാമപുരം ജില്ലാ വികാരി ഫാ.സാമുവേൽ പുത്തൻപുരയിൽ ഉദ്ഘാടനം ചെയ്തു. ഭദ്രാസന ഡയറക്ടർ ബഹു. ഫാ. ഡോ. പ്രഭീഷ് ജോർജ്ജ് യുവജനങ്ങൾ സഹയാത്രികർ എന്ന വിഷയം അവതരിപ്പിച്ചു. തുടർന്ന് 5 ഗ്രൂപ്പുകളായി തിരിഞ്ഞ് യുവജനങ്ങൾ, മുൻകൂട്ടി തയ്യാറാക്കി നൽകിയ ചോദ്യങ്ങൾ അടിസ്ഥാനപ്പെടുത്തി സുന്നഹദോസ് വിഷയം ചർച്ച ചെയ്തു. റിപ്പോർട്ട് അവതരണ സമയത്ത് ജില്ലാ ഡയറക്ടർ ബഹു. മാത്യു വെട്ടിയോടിതടത്തിൽ അച്ചൻ മോഡറേറ്ററായിരുന്നു. ഫാ. ജോഷ്വ തേനുവിള സമാപന സന്ദേശം നൽകി. സമാപന പ്രാർത്ഥനയോടും സ്നേഹഭോജനത്തോടും കൂടി യുവജന സുന്നഹദോസ് സമാപിച്ചു.

## അസ്സീസിയൻ സെനാക്കിൾ മൂന്നാം സമ്മേളനം




എം.സി. വൈ.എം. പാറശ്ശാല ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന യുവജന സുന്നഹദോസ് അസ്സീസിയൻ സെനാക്കിളിന്റെ മൂന്നാമത്തെ സമ്മേളനം ചെമ്പൂർ ജില്ലയിലെ പനച്ചമൂട് ദൈവാലയത്തിൽ വച്ച് 2022 സെപ്റ്റംബർ 17 ഞായറാഴ്ച ഉച്ചയ്ക്കു ശേഷം

www.malankaralibrary.com



നടന്നു. ഭദ്രാസന ആനിമേറ്റർ സി. സീന ജോൺ ഡി.എം. പതാക ഉയർത്തി ആരംഭിച്ചു. ഭദ്രാസന പ്രസിഡന്റ് ശരത് ലാലിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് റെജി രാജ് സ്വാഗതവും ഭദ്രാസന അസ്സി. ഡയറക്ടർ ഫാ. വിമൽ വിൻസെന്റ് ആമുഖ സന്ദേശവും നൽകി. മാതൃവേദി ഭദ്രാസന ഡയറക്ടർ ഫാ.ജോസ് പാറയിൽകട ഉദ്ഘാടനം ചെയ്തു. ഭദ്രാസന ഡയറക്ടർ ബഹു. ഫാ. ഡോ. പ്രഭീഷ് ജോർജ്ജ് യുവജനങ്ങൾ സഹയാത്രികർ എന്ന വിഷയം അവതരിപ്പിച്ചു. തുടർന്ന് 5 ഗ്രൂപ്പുകളായി തിരിഞ്ഞ് യുവജനങ്ങൾ, മുൻകൂട്ടി തയ്യാറാക്കി നൽകിയ ചോദ്യങ്ങൾ അടിസ്ഥാനപ്പെടുത്തി സുന്നഹദോസ് വിഷയം ചർച്ച ചെയ്തു. റിപ്പോർട്ട് അവതരണ സമയത്ത് ജില്ലാ ഡയറക്ടർ ബഹു. ജോർജ് കുരയ്ക്കോട്ട് അച്ചൻ മോഡറേറ്ററായിരുന്നു. ഫാ. ജോർജ് തോമസ് കാരിമാൻകുളം സമാപന സന്ദേശം നൽകി. സമാപന പ്രാർത്ഥനയോടും സ്നേഹഭോജനത്തോടും കൂടി യുവജന സുന്നഹദോസ് സമാപിച്ചു.

### പുസ്തക പ്രകാശനം



എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന ഡയറക്ടർ പ്രിയ പ്രഭീഷ് ജോർജ്ജ് അച്ചന്റെ നീണ്ട അധ്വാനത്തിന്റെ ഫലമായി രൂപംകൊണ്ട ഫിലിപ്പ് ഉഴുന്നല്ലൂർ കോറെപ്പിസ്കോപ്പോയെ കുറിച്ചുള്ള പുതിയ പുസ്തകം പ്രേഷിതവേദിയിൽ നന്മമരം എന്ന പുസ്തകം തിരുവല്ലയിൽ പുനരൈക്യ ദിനാചരണ വേദിയിൽ വച്ച് പ്രകാശനം ചെയ്തു.



## Eparchy of Marthandam

### Diocesan Level Writing Competition and the Quiz Competition

Diocesan Level Writing Competition and the Quiz Competition was conducted on 02-04-2022 at MJKM School Hall. The opening prayer was led by Rev. Fr. Will Bright. The MCYM Director welcomed all those who present in the hall.The topic of the writing competition was given to the respective events and the competition started. Quiz competition was also conducted.

In Quiz, 13 teams were participated.The competition was presided over by Rev. Fr. Jebin John. In this competition, Themanoor unit won the first place, Mathar unit got the second place and Mukkadal unit got the third place. We Congratulate to all contestants who participated.

### Reunion day

In the reunion event held in Tiruvalla Diocese. Diocesan Youth Movement Director Rev. Fr. Johny Alfred, Rev. Sr. Flower John, diocesan board members and youths were participated in this historical event. The youth conference was also

www.malankaralibrary.com



held with regard to the reunion day. On this occasion, S. Rajesh from Kulappara unit who is the topper of the university examination and Pon Raj from Mathurkonam unit who won gold medal in the state level Wushu competition were honoured and appreciation gifts were presented by our church Father Moran Mpr Baselios Cardinal Cleemis Catholics of Malankara Catholic Church.

### Executive meeting

The Executive Committee meeting of Malankara Catholic Youth Movement Diocese of Marthandam was held on 2022 September 18 at the MCYM office and started with the prayer by Director Rev. Fr. Johny Alfred. The meeting deliberated on the organization of reunion events, diocesan youth movement day and diocesan level sports competitions.The meeting was attended by Associate Director Rev. Fr. Wilfin Viju and board members. Finally, the meeting ended happily with the blessing of the Director.

## Eparchy of Puttur

### Onam Bumper draw

After holy mass and inaugural ceremony, On September 11 at St. Mary's MSC Church, Shivamogga, MCYM Puttur diocesan Secretariat has conducted the draw of 'ONAM BUMPER' lucky coupon in the presence and involvement of MCYM Puttur diocesan Chairman Bishop His Excellency Dr.Geevarghese Mar Makarios. 10 consolation prizes and I,II,III were drawn consecutively by different invitees.

### Mar Ivanios quiz competition 2K22

MCYM Puttur diocesan team organised 'Mar Ivanios quiz competition 2K22' of diocesan level on Sep 11 at St. Mary's MSC Church, Shivamogga. Mr. Shibu Mathew has took up the quiz event as Quiz Master.

5 teams have participated in the quiz competition from 3 units. Following are the winners of the competition,

1st - St.John's SMCC,
Singasandra, Bangalore Region

2nd - St.Joseph's SMCC,
Mathikere, Bangalore Region

3rd - St.Joseph's SMCC,
Josegiri, D.K. Region

## Eparchy of Khadki-Pune

### EEMA – Marian Devotion

Month of September was dedicated towards the devotion of Nativity of the blessed virgin Mary. A series of video content was shared via YouTube channel MCYM-Eparchy of St Ephrem by the MCYM members from every district in our Eparchy. The videos includes 8 virtues of Mother Mary i.e., Profound humility, lively faith, blind obedience, continual prayer, divine purity, ardent charity, heroic patience, and divine wisdom. These videos presented by the districts aim to bring awareness and spiritual growth among youth and the faithful.